**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 703** **09-08-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി സർചാർജ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾ ഉപയോഗിക്കുന്ന വൈദ്യുതിക്കുള്ള സർചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ഉപഭോക്താക്കൾക്ക് വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കാമോ; | (എ) | ഇന്ധനവിലയിലെ ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ യഥാസമയം ഉപഭോക്താവിലേക്ക് കൈമാറാൻ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടപ്രകാരം ഇന്ധന വിലയിലെ ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾക്ക് അനുസൃതമായി റഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ച ഫോർമുല അനുസരിച്ച് ഇന്ധന സർചാർജ്ജ് ഏർപ്പെടുത്തിവരുന്നു. നിലവിൽ ഓഗസ്റ്റ് മാസത്തിൽ യൂണിറ്റൊന്നിന് 19 പൈസയാണ് ഇന്ധന സർചാർജ്ജായി ഈടാക്കി വരുന്നത്. ഇത് ജൂലൈ, 2022 മുതൽ ഡിസംബർ, 2022 വരെയുള്ള കാലയളവിലെ ഇന്ധന സർചാർജ്ജ് ആയി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച 9 പൈസയും ജൂൺ, 2023-ലെ ഇന്ധന സർചാർജ്ജ് ആയ 10 പൈസയുമാണ്. |
| (ബി) | സർചാർജ്ജ് കൂട്ടിയിട്ടുണ്ടെങ്കിൽ ആയത് എത്രയാണെന്ന് വ്യക്തമാക്കാമോ ? | (ബി) | ഇന്ധനവിലയിലെ ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ യഥാസമയം ഉപഭോക്താവിലേക്ക് കൈമാറാൻ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ താരിഫ് റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടപ്രകാരം ഇന്ധന വിലയിലെ ഏറ്റക്കുറച്ചിലുകൾ കാരണം വൈദ്യുതി വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾക്ക് അനുസൃതമായി റഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ച ഫോർമുല അനുസരിച്ച് ഇന്ധന സർചാർജ്ജ് ഏർപ്പെടുത്തിവരുന്നു. നിലവിൽ ഓഗസ്റ്റ് മാസത്തിൽ യൂണിറ്റൊന്നിന് 19 പൈസയാണ് ഇന്ധന സർചാർജ്ജായി ഈടാക്കി വരുന്നത്. ഇത് ജൂലൈ, 2022 മുതൽ ഡിസംബർ, 2022 വരെയുള്ള കാലയളവിലെ ഇന്ധന സർചാർജ്ജ് ആയി |

| | | | |
|---|---|---|---|
| | | | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച 9 പൈസയും ജൂൺ, 2023-ലെ ഇന്ധന സർചാർജ്ജ് ആയ 10 പൈസയുമാണ്. |

സെക്ഷൻ ഓഫീസർ